എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ
# ഊർജ്ജപത്രിക
Oorja Pathrika | A Newsletter from Energy Management Centre- Kerala
വാല്യം- 5, ലക്കം 09 | 2024 സെപ്റ്റംബർ 05

## 'ഊർജകേരളം' പുസ്തകം പ്രകാശനം ചെയ്തു

സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ 2021– 2024 കാലഘട്ടത്തിൽ എനർജി മാനേജ്മെന്റ് സെന്റർ–കേരള നടത്തിയ മാതൃകാ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയ 'ഊർജകേരളം' പുസ്തകത്തിന്റെ പ്രകാശനം വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിച്ചു.

ആഗസ്റ്റ് 30 ന് സെക്രട്ടറിയേറ്റിലെ മന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ മന്ത്രിയിൽ നിന്നും ആദ്യ കോപ്പി ഏറ്റുവാങ്ങി. ഇ.എം.സി രജിസ്ട്രാർ സുഭാഷ് ബാബു ബി. വി., എനർജി ടെക്നോളജിസ്റ്റുമാരായ സന്ദീപ് കെ, അനൂപ് സുരേന്ദ്രൻ എന്നിവർ പങ്കെടുത്തു.

ഇ.എം.സി. വിവിധ മേഖലകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ, ഊർജ്ജസംരക്ഷണ ക്യാമ്പയിനുകൾ, കൈവരിച്ച നേട്ടങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഈ കോഫി ടേബിൾ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



'ഊർജകേരളം' പുസ്തകം വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി പ്രകാശനം ചെയ്യുന്നു

## ചെറുകിട ജലവൈദ്യുതി; ദേശീയ സെമിനാർ തിരുവനന്തപുരത്ത്

ചെറുകിട ജലവൈദ്യുത നിലയങ്ങൾക്കായുള്ള സ്റ്റാൻഡേർഡൈസേഷൻ, അവയുടെ വികസനത്തിലെ വെല്ലുവിളികൾ എന്നിവ സംബന്ധിച്ച് ദേശീയ സെമിനാർ സെപ്റ്റംബർ 8,9 തീയതികളിൽ സംഘടിപ്പിച്ചു. തിരുവനന്തപുരത്തെ ഹോട്ടൽ താജ് വിവാന്തയിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെയും ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെയും (BIS) സഹകരണത്തോടെയാണ് സെമിനാർ സംഘടിപ്പിച്ചത്. ചെറുകിട ജലവൈദ്യുത മേഖലയിലെ വിദഗ്ധർ, ഡവലപ്പർമാർ എന്നിവർ പങ്കെടുത്തു.

വൈദ്യുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ IAS സെമിനാർ ഉദ്ഘാടനം ചെയ്തു. BIS സ്റ്റാൻഡേർഡൈസേഷൻ–II ഡെപ്യൂട്ടി ഡയറക്ടർ ജനറൽ സഞ്ജയ് പന്ത്, ഇ.എം.സി. ജോയിന്റ് ഡയറക്ടർ ദിനേശ് കുമാർ എ. എൻ. എന്നിവർ മുഖ്യ പ്രഭാഷണങ്ങൾ നടത്തി. ഇന്ത്യാ ഗവൺമെന്റിന്റെ ന്യൂ & റിന്യൂവബിൾ എനർജി മന്ത്രാലയത്തിൽ നിന്നുള്ള ശാസ്ത്രജ്ഞ സംഗീത കസ്തൂരെ വിശിഷ്ടാതിഥിയായി.

ഇന്ത്യയിലുടനീളമുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകുന്നതിൽ സ്റ്റാൻഡേർഡൈസേഷന്റെ നിർണായക പങ്കിനെ സംബന്ധിച്ച ചർച്ചകൾ നടന്നു. ഇന്ത്യയിലെ ചെറുകിട ജലവൈദ്യുത നിലയങ്ങൾ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനും സുസ്ഥിര വികസനത്തിനുമായി സർക്കാർ സ്ഥാപനങ്ങൾ, വ്യവസായ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവ തമ്മിലുള്ള സഹകരണത്തിന്റെ പ്രാധാന്യം സർക്കാരുകൾ പരിഗണിക്കണമെന്ന് സെമിനാർ അഭിപ്രായപ്പെട്ടു.



അഡീഷണൽ ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ IAS ദീപം കൊളുത്തി ഉദ്ഘാടനകർമം നിർവഹിക്കുന്നു

ഇ.എം.സിയുടെ സ്ഥാപക ഡയറക്ടർ പ്രൊഫ. വി. കെ. ദാമോദരൻ, IIT റൂർക്കിയിലെ പ്രൊഫ. (ഡോ.) എസ്. കെ. സിംഗാൾ, MNRE-യിലെയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെയും ജലവിഭവ വകുപ്പിലെയും മുതിർന്ന ഉദ്യോഗസ്ഥരും വിവിധ സെഷനുകളിൽ സംസാരിച്ചു.

അടുത്ത ദിവസം ചെറുകിട ജലവൈദ്യുത നിലയങ്ങൾ വികസിപ്പിക്കുമ്പോൾ വിവിധ മേഖലകളിൽ പുലർത്തേണ്ട സ്റ്റാന്റേർഡുകൾ നിശ്ചയിക്കുന്നതിനായുള്ള യോഗം BIS ന്റെ സഹകരണത്തോടെ ഇ.എം.സി. ക്യാമ്പസിൽ സംഘടിപ്പിച്ചു. നിലയങ്ങൾക്കായുള്ള സ്ഥലം തിരഞ്ഞെടുക്കൽ, ആസൂത്രണം, രൂപകൽപന, പരിപാലനം എന്നിവയുൾപ്പെടെയുള്ള വിഷയങ്ങളിൽ ചർച്ച നടന്നു.



# Capacity Building Workshop for Financial Institutions on "Energy Efficiency Financing"

National Power Training Institute (NPTI), Alappuzha organised a two Days Capacity Building Workshop for Financial Institutions on "Energy Efficiency Financing" on 08th and 09th August 2024. The workshop was inaugurated by Dr. S. Selvam, Principal Director, NPTI Alappuzha. Johnson Daniel, Head of NMEEE & DSM Division, EMC-Kerala delivered the keynote address. Dr. K.S.S. Ravikumar, Deputy Director, NPTI Alappuzha, welcomed the participants, and Shashank Shukla, Assistant Director of NPTI Kerala, gave the vote of thanks. As part of the workshop the participants visited energy-efficient projects implemented at The Fertilisers and Chemicals Travancore Limited (FACT), Udyogamandal Division, Kochi. The sessions were handled by Sarath Krishnan, Energy Technologist, EMC; Dr. S. Selvam, Principal Director, NPTI Alappuzha; Sabu J. Mechery, AGM (Rtd), Canara Bank, Anil Kumar P. R., AEE (Rtd), KSEBL and Suresh Babu B. V., BEE Accredited Energy Auditor. More than 25 Officers from various Banks attended this workshop.

# Boot Camp for the Winners of CEIBIC

Energy Management Centre (EMC) Kerala, in partnership with K-DISC and Social Alpha, organised a two-day boot camp for the winners of the Clean Energy Innovation and Business Incubation Centre (CEIBIC) - Cohort 1 on August 29-30, 2024, at the EMC campus in Thiruvana nthapuram. Inaugurated by Dr. R. Harikumar, Director of EMC, the event featured sessions on startup pitching, fund raising, funding opportunities, and go-to-market strategies. It concluded with peer-to-peer learning, where startups shared insights on designing and executing pilot projects. The boot camp provided essential knowledge and skills to support the future success of these innovators.




EMC Director interacting with participants in boot camp



Dr. R. Hairkumar, Director of EMC, addressing the audience of conference on "Accelerating Energy Efficiency in Gujarat: Opportunities and Challenges" on 8th August 2024, organized by GETRI at Vadodara, supported by AEEE and CEEW



Dr. R. Hairkumar, Director of EMC, participating in Consultation meeting on "Women and Workers in Energy Transition", organized by FES India, at Chennai on 12th August 2024



# രാജ്യത്തെ ടയർ നിർമ്മാണമേഖലയിൽ ഊർജ്ജകാര്യക്ഷമത; ശില്പശാല സംഘടിപ്പിച്ചു

ടയർ നിർമ്മാണമേഖലയിൽ ഊർജ്ജ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിലൂടെ കാർബൺ ബഹിർഗമനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇന്ത്യയിലെ ടയർ നിർമ്മാതാക്കളെ പങ്കെടുപ്പിച്ചു കൊണ്ട് എനർജി മാനേജ്മെന്റ് സെന്ററിൽ 2024ആഗസ്റ്റ് 7ന് ശില്പശാല സംഘടിപ്പിച്ചു. വ്യവസായമേഖലയിലെ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനായി ഇന്ത്യ, യു.കെ സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന 'ASPIRE' പദ്ധതിയുടെ ഭാഗമായാണ് ശില്പശാല സംഘടിപ്പിച്ചത്.

ASPIRE പദ്ധതിയുടെ അസ്സോസിയേറ്റ് ഡയറക്ടർ അനുരാഗ് സിംഗ് സിറോള, സീനിയർ അഡ്വൈസർ കെ. കെ. ചക്രവർത്തി, കേന്ദ്ര ഊർജ്ജമന്ത്രാലയത്തിലെ ചീഫ് എഞ്ചിനീയർ ധീരജ് കുമാർ ശ്രീവാസ്തവ്, ബി.ഇ.ഇ. ഡയറക്ടർ സുനിൽ കെ. ഖണ്ഡാരെ, യു.കെ. സർക്കാരിന്റെ ഫോറിൻ ആന്റ് കോമൺവെൽത്ത് ഡെവലപ്മെന്റ് ഓഫീസ് പ്രതിനിധി സന്യുക്ത ദാസ്ഗുപ്ത എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു.

ശില്പശാലയിൽ സിയറ്റ്, ജെ.കെ. ടയേഴ്സ്, അപ്പോളോ ടയേഴ്സ്, ആൽഫഗ്രീക്ക് എന്റർപ്രൈസസ്, സിസ്റ്റൽ എഞ്ചിനീയറിംഗ്, ഫോബ്സ് മാർഷൽ എന്നീ കമ്പനികളുടെ പ്രതിനിധികൾ ഊർജ്ജകാര്യക്ഷമതാ വിഷയങ്ങളിൽ വിവധ അവതരണങ്ങൾ നടത്തി.

യു.കെ.യിലെ സാങ്കേതികവിദ്യാ സേവനദാതാക്കളായ യു.കെ. ഫ്ളൂയിഡ് ഐസ്, ആർ.എഫ്. പ്രൊ, സെൻടിക്ക പി.എൽ.സി, ബ്ലാക്-റാം എന്നിവർ ഓൺലൈനായി ടയർ നിർമ്മാണ മേഖലയിലെ ഡിജിറ്റൽ സാങ്കേതികവിദ്യകളെപ്പറ്റി വിഷയാവതരണങ്ങൾ നടത്തി.



## യുദ്ധവിരുദ്ധ സന്ദേശമുയർത്തി ഉണർവ് പരിപാടി
# ഹിരോഷിമ ദിനം ആചരിച്ചു

ഇ.എം.സി. വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി സംഘടിപ്പിച്ചു വരുന്ന ഉണർവ്വ് ഊർജ്ജസംരക്ഷണ അവബോധ പരിപാടിയുടെ ഭാഗമായി 2024 ആഗസ്റ്റ് 6-ന് ഹിരോഷിമ ദിനാചരണം നടത്തി. യുദ്ധവിരുദ്ധ സന്ദേശമുയർത്തിയ പരിപാടി The Association for Overseas Technical Cooperation and Sustainable Partnerships (AOTS) തിരുവനന്തപുരം സെന്റർ ചെയർമാൻ ലിയോൺ മോഹൻരാജ് ഉദ്ഘാടനം ചെയ്തു. ഇ.എം.സി ജോയിന്റ് ഡയറക്ടർ ദിനേഷ് കുമാർ എ. എൻ. അദ്ധ്യക്ഷത വഹിച്ചു. രജിസ്ട്രാർ സുഭാഷ് ബാബു ബി. വി. സ്വാഗതം പറഞ്ഞു.

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗവ: ഹയർസെക്കണ്ടറി സ്കൂൾ, കൊല്ലം ജില്ലയിലെ ചിതറ ഗവ: ഹയർസെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ നിന്നെത്തിയ വിദ്യാർത്ഥികൾക്ക് എനർജി ടെക്നോളജിസ്റ്റ് ടോംസൺ സെബാസ്റ്റ്യൻ ഊർജ്ജസംരക്ഷണ ക്ലാസ്സെടുത്തു. ഉണർവ് പ്രോഗ്രാം കോർഡിനേറ്റർ എം. മെഹബൂബ്, കൺവീനർ സിന്ധു എസ്. കുമാർ എന്നിവർ സംസാരിച്ചു.

ആഗസ്റ്റ് മാസത്തിൽ 12 സ്കൂളുകളിൽ നിന്നായി 805 വിദ്യാർത്ഥികളും അധ്യാപകരുമാണ് ഇ.എം.സി സന്ദർശിച്ചത്. ഇ.എം.സിയിലെ എനർജി ടെക്നോളജിസ്റ്റുമാരായ സന്ദീപ് കെ., ടോംസൺ സെബാസ്റ്റ്യൻ, അനൂപ് സുരേന്ദ്രൻ, രാജീവ് കെ. ആർ, പ്രോജക്റ്റ് എഞ്ചിനീയർമാരായ നിത്യ ബി., നീനു മറിയം, ദിവ്യ പി. ജി, അതുൽ പി. ബിജു, ഷാരോൺ ഷാജി തുടങ്ങിയവർ വിദ്യാർത്ഥികൾക്ക് ഊർജ്ജസംരക്ഷണത്തെക്കുറിച്ച് ക്ലാസ്സുകളെടുത്തു.

# എനർജി ക്ലബ്ബ് കേരള പ്രോസ്പെക്ടസും ഉപന്യാസ സമാഹാരവും പ്രകാശനം ചെയ്തു

എനർജി മാനേജ്മെന്റ് സെന്റർ–കേരള സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന എനർജി ക്ലബ് കേരള പ്രോഗ്രാമിന്റെ 2024–25 അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങൾക്കായുള്ള പ്രോസ്പെക്ടസും വിദ്യാർത്ഥികളുടെ മികച്ച ഉപന്യാസങ്ങളുടെ സംഗ്രഹവും ബഹു: വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി പ്രകാശനം ചെയ്തു. മന്ത്രിയുടെ കാര്യാലയത്തിൽ വച്ച് നടന്ന ചടങ്ങിൽ ഡയറക്ടർ ഇ.എം.സി ഡോ. ആർ. ഹരികുമാർ, രജിസ്ട്രാർ സുഭാഷ് ബാബു ബി. വി, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ബിജു. ആർ., സി.എം.ഡി.യിലെ അസ്സോസിയേറ്റ് പ്രൊഫസർ ഡോ. ലക്ഷ്മി എസ്., എനർജി ടെക്നോളജിസ്റ്റുമാരായ സന്ദീപ് കെ., അനൂപ് സുരേന്ദ്രൻ എന്നിവർ പങ്കെടുത്തു. 2023–24 അദ്ധ്യയനവർഷത്തിലെ സംസ്ഥാനതല മത്സരത്തിൽ നിന്നും ഹയർ സെക്കന്ററി, ഹൈസ്കൂൾ വിദ്യാർത്ഥികളുടെ മികച്ച ഉപന്യാസങ്ങളുടെ സംഗ്രഹമാണ് ഇ.എം.സി. തയ്യാറാക്കിയത്.



ജില്ലാ വിദ്യാഭ്യാസ ഓഫീസർ ബിജു. ആർ. വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടിയിൽ നിന്നും പ്രോസ്പെക്ടസ് ഏറ്റുവാങ്ങുന്നു



ഇ.എം.സി. രജിസ്ട്രാർ സുഭാഷ് ബാബു ബി. വി. വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടിയിൽ നിന്നും ഉപന്യാസ സംഗ്രഹം ഏറ്റുവാങ്ങുന്നു

## ഊർജസംരക്ഷണ സന്ദേശയാത്ര ഉദ്ഘാടനം ചെയ്തു

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംഘടിപ്പിച്ച ഊർജ്ജസംരക്ഷണ സന്ദേശയാത്ര ഇ.എം.സി ഊർജ്ജകാര്യക്ഷമതാ വിഭാഗം മേധാവി ജോൺസൺ ഡാനിയൽ ഉദ്ഘാടനം ചെയ്തു. ചേർത്തല നഗരസഭാ ചെയർപേഴ്സൺ ഷേർളി ഭാർഗവൻ അധ്യക്ഷത വഹിച്ചു. ജാഥാ ക്യാപ്റ്റൻ കെ. എൻ. സോമശേഖരൻ റിപ്പോർട്ട് അവതരിപ്പിച്ചു. ആഗസ്റ്റ് 13–ന് ചേർത്തലയിൽ നിന്ന് ആരംഭിച്ച യാത്ര ആലപ്പുഴ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിലൂടെ സഞ്ചരിച്ച് സെപ്റ്റംബർ 5 ന് മുഹമ്മയിൽ സമാപിക്കും. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ഊർജസംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്ന് ആഹ്വാനം ചെയ്താണ് യാത്ര. ആലപ്പുഴ ജില്ലയിലെ 22 പഞ്ചായത്തുകളിലെ 120 കേന്ദ്രങ്ങളിലാണ് ജാഥാപര്യടനം നടത്തുന്നത്.



ഇന്ത്യയുടെ 78–ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ ദേശീയപതാക ഉയർത്തുന്നു




ഊർജ്ജപത്രികയെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ ഞങ്ങളെ അറിയിക്കാനായി QR കോഡ് സ്കാൻ ചെയ്യൂ. അല്ലെങ്കിൽ emck@keralaenergy.gov.in എന്ന മെയിൽ ID-യിലേക്ക് ഇമെയിൽ അയയ്ക്കൂ.

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256